# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ : 1481 | 03.10.2011-ൽ<br>മറുപടിക്ക്. |

### ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വാതക പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. പി.ബി. അബ്ദുൾ റസാക് :<br>**ശ്രീ. മഞ്ഞളാംകുഴി അലി :**<br>ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദിഷ്ട വാതക പൈപ്പ് ലൈൻ കൊച്ചിയിൽ നിന്നും മംഗലാപുരം വഴി കൊണ്ടുപോകുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദിഷ്ട വാതക പൈപ്പ് ലൈൻ കൊച്ചിയിൽ നിന്നും മംഗലാപുരം വഴി കൊണ്ടുപോകുന്നതിനുള്ള സർവ്വേ നടപടികൾ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നോ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നോ എന്തെങ്കിലും അറിയിപ്പുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (ബി) ഗ്യാസ് അതോറിറ്റിയിൽ നിന്നും ഇതു സംബന്ധിച്ച് അറിയിപ്പുകൾ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പെട്രോളിയം & മിനറൽ പൈപ്പ് ലൈൻ ആക്ട് പ്രകാരം പൈപ്പ് ലൈൻ പോകേണ്ടുന്ന സ്ഥലത്തിന്റെ ഉപയോഗ അവകാശത്തിനു വേണ്ടി ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. |
| (സി) അപകടകരമായ വാതക പൈപ്പ് ലൈൻ ജനവാസകേന്ദ്രങ്ങളിലൂടെ കൊണ്ടുപോകുന്നതിനുള്ള നീക്കം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) പ്രകൃതി വാതക പൈപ്പ് ലൈൻ, വാതകം കൊണ്ടുപോകുന്നതിനുള്ള ഏറ്റവും അപകട സാധ്യത കുറവുള്ള ഒരു മാർഗ്ഗമാണ്. കഴിഞ്ഞ 20 വർഷം കൊണ്ട് ഗെയിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലൂടെ 8000 കിലോമീറ്ററോളം ദൂരത്തിൽ വാതക പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. ഇവയിൽ ഒരിടത്തു പോലും അപകടം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഗെയിലിന്റെ വാതക പൈപ്പ് ലൈൻ കേരളത്തിൽ പരമാവധി വയൽ, ചതുപ്പ്, പറമ്പ് എന്നീ **മേഖലകളിലൂടെയാണ് കടന്നു പോകുന്നത്.** |

ചിലയിടങ്ങളിൽ മാത്രം ജനവാസമുള്ള സ്ഥലങ്ങളിൽ കൂടിയും പൈപ്പ് ലൈൻ കൊണ്ടുപോകേണ്ടതുണ്ട്. മുംബൈ, ദില്ലി എന്നീ വൻ നഗരങ്ങളിലും വഡോദര, ലക്നൗ മുതലായ നഗരങ്ങളിലും, ജനസാന്ദ്രത വളരെയേറെയുള്ള മറ്റു പ്രദേശങ്ങളിലും ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്നുണ്ട്. ആയതിനാൽ വാതക പൈപ്പ് ലൈൻ ജനവാസ കേന്ദ്രങ്ങളിലൂടെ കൊണ്ടുപോകുന്നതിനുള്ള ഗെയിലിന്റെ നീക്കം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്നതാണെന്നുള്ള പരാമർശം വസ്തുതാവിരുദ്ധമാണ്.

(ഡി) നിയമാനുസൃതം പാരിസ്ഥിതിക, സാമൂഹിക സാമ്പത്തിക ആഘാത പഠനങ്ങൾ നടത്താതെയുള്ള ഇത്തരം പദ്ധതികളിൽ നിന്നും പിന്തിരിപ്പിക്കു--ന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

(ഡി) ഗെയിലിന്റെ വാതക പൈപ്പ് ലൈൻ പദ്ധതി നിയമാനുസൃതമുള്ള പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക ആഘാത പഠനങ്ങൾ നടത്തിയതിനു ശേഷമാണ് നടപ്പാക്കുന്നത്. പരിസ്ഥിതിയും വനവും കൈകാര്യം ചെയ്യുന്ന കേന്ദ്ര മന്ത്രാലയത്തിന്റെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അനുമതികൾ ലഭിച്ചതിനു ശേഷം മാത്രമേ പൈപ്പ് ലൈൻ ഇടുന്ന നടപടികൾ തുടങ്ങുകയുള്ളു. ഇപ്പോൾ പൈപ്പ് ലൈൻ ഇടുന്ന പ്രദേശങ്ങളിൽ മേൽപ്പറഞ്ഞ അനുമതികൾ ലഭിച്ചതിനു ശേഷമാണ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ